**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -992 10.06.2019-ലെ മറുപടി**

**കടിവെള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. രാജഗോപാലൻ** | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് വാട്ടർ അതോറിട്ടിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന എത്ര കുടിവെള്ള പദ്ധതികൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ ജില്ല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.<br><br>1. തിരുവനന്തപുരം - 106<br>2. കൊല്ലം - 71<br>3. പത്തനംതിട്ട - 73<br>4. കോട്ടയം - 77<br>5. ആലപ്പുഴ - 69<br>6. കണ്ണൂർ - 80<br>7. കാസർഗോഡ് - 79<br>8. പാലക്കാട് - 58<br>9. കോഴിക്കോട് - 66<br>10. വയനാട് - 31<br>11. മലപ്പുറം - 49<br>12. തൃശ്ശൂർ - 116<br>13. എറണാകുളം - 91<br>14. ഇടുക്കി - 81 |
| ബി) ഈ പദ്ധതികളിൽ നിന്നുമുള്ള ജല ലഭ്യതയിൽ എത്ര ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) തിരുവനന്തപുരം ജില്ലയിൽ വാമനപുരം നദി ഉറവിടമായി വരുന്ന പദ്ധതികളിൽ വേനൽക്കാലത്തും ജലലഭ്യതയിൽ 30 ശതമാനത്തോളം കുറവും കോട്ടയം ജില്ലയിൽ ഏകദേശം 1.2 ശതമാനത്തിന്റെ കുറവും പത്തനംതിട്ട ജില്ലയിലെ ഗ്രാമീണ ജലവിതരണ പദ്ധതികളിൽ നിന്നുള്ള ജലലഭ്യതയിൽ 40 ശതമാനം മുതൽ 50 ശതമാനം വരെ കുറവുമുണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. കാസർഗോഡ് ജില്ലയിൽ 50 ശതമാനവും കണ്ണൂർ ജില്ലയിൽ 10 ശതമാനം കുറവും കോഴിക്കോട് ജില്ലയിൽ 27 ശതമാനവും മലപ്പുറം ജില്ലയിൽ 25 |

| | | |
|---|---|---|
| | | ശതമാനവും പാലക്കാട് ജില്ലയിൽ 50 ശതമാനത്തിന്റെയും കുറവ് ഉണ്ടായിട്ടുണ്ട്. മൂവാറ്റുപുഴ സർക്കിളിനു കീഴിൽ ഇടുക്കി ജില്ലയിൽ കടുത്ത വേനലിൽ ജലലഭ്യതയിൽ 20 ശതമാനം കുറവും വന്നിട്ടുണ്ട്. തൃശ്ശൂർ സർക്കിളിനു കീഴിൽ ജലലഭ്യതയിൽ 21.4 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. |
| സി) | സ്രോതസ്സ് ഇല്ലാതെ മുടങ്ങികിടക്കുന്ന എത്ര പദ്ധതികൾ സംസ്ഥാനത്ത് ഉണ്ടെന്നും ഇത്തരത്തിൽ എത്രകോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | സി) ഇടുക്കി ജില്ലയിലെ വണ്ടൻമേട് കുടിവെള്ള പദ്ധതി സ്രോതസ്സ് ഇല്ലാതെ മുടങ്ങിക്കിടക്കുകയാണ്. ഈ പദ്ധതിക്കായി 5.1898 കോടി രൂപ ചെലവായിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ